പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1033 — 03.12.2014 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മാത്യൂ റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി ജമീല പ്രകാശം<br>ശ്രീ. സി.കെ.നാണു | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) മേളയുടെ ചിലവുകൾക്ക് പ്രധാനമായുള്ള ധനസ്രോതസ്സ് എവിടെ നിന്നാണ്; | ബി) സർക്കാർ ഫണ്ട്, സ്പോൺസർഷിപ്പ് , കടകളുടെ രജിസ്ട്രേഷൻ ഫീസ് സമ്മാനക്കൂപ്പണുകളുടെ വില്പന എന്നിവയിലൂടെ ലഭിക്കുന്ന തുകയാണ് മേളയുടെ ചിലവുകൾക്കുള്ള പ്രധാന ധനസ്രോതസ്സ് . |
| സി) ഏതെല്ലാം മേഖലകളിലാണ് ഗ്രാന്റ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവൽ കേരളത്തിന്റെ വിനോദസഞ്ചാരത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുള്ളത് ; | സി) വിനോദസഞ്ചാര മേഖല ഉൾപ്പെടെ കേരളത്തിൽ എല്ലായിടത്തും ഉള്ള ഷോപ്പുകളും ജി.കെ.എസ്.എഫിൽ പങ്കാളികളായി ഫെസ്റ്റിവൽ സജീവമാക്കുന്നതിനാലും കേരളത്തിൽ വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സമയത്താണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത് എന്നതിനാലും വിനോദസഞ്ചാരത്തിന്റെ വളർച്ചയ്ക്ക് ഷോപ്പിങ്ങ് ഫെസ്റ്റിവൽ ഗുണകരമാണ്. |
| ഡി) മേളയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുന്നതിന് എന്തെല്ലാം വിശദ പഠനം നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ ? | ഡി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനം പഠനം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് അനുസരിച്ച് മേളയുടെ പ്രവർത്തനം പുനഃക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ